**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.282 — 28.05.2019 ൽ മറുപടിക്ക്

# ചെലവേറിയ ചികിത്സകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ച് പാവപ്പെട്ട രോഗികൾക്ക് ചെലവേറിയ ചികിത്സകൾ ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | ആർദ്രം പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കുകയും നിയമനം നടത്തുകയും ചെയ്തു. ഗവൺമെന്റ് ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആധുനിക രോഗപരിശോധന സൗകര്യങ്ങളും, ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് /ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും, കാത്ത് ലാബ് സൗകര്യങ്ങളും അനുവദിക്കപ്പെട്ടു. ആർദ്രത്തിന്റെ രണ്ടാം ഘട്ട തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിലും സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടേതടക്കമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.<br><br>എല്ലാ താലൂക്കാശുപത്രികളിലും ജീവിത ശൈലി രോഗനിയന്ത്രണത്തിനായി ക്ലിനിക്കുകൾ പ്രവർത്തിച്ച വരുന്നു. ഈ ക്ലിനിക്കുകളിൽ വരുന്ന രോഗികൾക്ക് പ്രമേഹത്തിനും ,രക്താതിമർദ്ദത്തിനും ഹൃദ്രോഗങ്ങൾക്കുമുള്ള മരുന്നുകൾ പ്രോട്ടോകോൾ അനുസരിച്ച് സൗജന്യമായി നൽകി വരുന്നു. ഇതു കൂടാതെ ശ്വാസകോശ സംബന്ധമായ രോഗമുള്ളവർക്ക് രോഗനിർണ്ണയത്തിനും തുടർചികിത്സയ്ക്കുമായി ശ്വാസ് ക്ലിനിക്കുകളും പ്രവർത്തിച്ച വരുന്നു. ഇതു കൂടാതെ തിരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കായി ഡെകെയർ കീമോതെറാപ്പി വാർഡുകളും പ്രവർത്തിച്ച വരുന്നു.<br><br>ഡയാലിസിസ് സൗകര്യം താലൂക്കാശുപത്രികളിൽ ലഭ്യമാക്കി വരുന്നു. ഇപ്പോൾ 43 താലൂക്കാശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | ഡയാലിസിസ് സൗകര്യം ലഭ്യമാണ്. അടിമാലി താലൂക്കാശുപത്രിയിൽ കാർഡിയോളജി ഐ.സി.യു തുടങ്ങുവാനുള്ള പദ്ധതി കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ബൈപാസ് ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ എല്ലാ ജില്ലാആശുപത്രികളിലും താലൂക്കാശുപത്രികളിലും നടത്താൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | തിരഞ്ഞെടുക്കപ്പെട്ട എട്ട് ജില്ലാ /ജനറൽ ആശുപത്രികളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ് ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിനാവശ്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുകയും ചെയ്യുന്നു. ഈ സ്കീമിന്റെ ഭാഗമായി പത്തനംതിട്ട ജനറൽ ആശുപത്രിയിലും, കൊല്ലം ജില്ലാ ആശുപത്രിയിലും കാത്ത് ലാബുകളും, ആഞ്ചിയോപ്ലാസ്റ്റി ചികിത്സയും നൽകിവരുന്നു. കൂടാതെ പാലക്കാട് ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലും ഈ സേവനങ്ങൾ നിലവിൽ ലഭ്യമാണ്. ഈ സേവനങ്ങൾ താലൂക്ക് തല ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല . ബൈപാസ് ശസ്ത്രക്രിയകൾ നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രികളിലാണ് ചെയ്തുവരുന്നത് .<br><br>എല്ലാ ജില്ലാ താലൂക്കാശുപത്രികളിലും ഇപ്പോൾ ബൈപാസ് സർജറി ചികിത്സ ലഭ്യമാക്കാൻ പദ്ധതി ഇല്ല. ബൈപാസ് സർജറി Cardiothoracic Vascular Surgery ആണ് ചെയ്യുന്നത് . ഈ വിഭാഗം സൂപ്പർസ്പെഷ്യാലിറ്റി നിലവിൽ ജില്ലാ താലൂക്കാശുപത്രികളിൽ ഇല്ല.കൂടാതെ ഈ സർജറിക്ക് വേണ്ട heart lung machine തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളും നിലവിൽ ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്താൻ പദ്ധതിയില്ല. ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാത്രമാണ് ഈ സർജറി ചെയ്തു വരുന്നത്. എന്നാൽ മറ്റ് സർജറികളായ Laproscopic Surgery മുഖേനയുള്ള മുഴ നീക്കം ചെയ്യൽ, Colonoscopy -Endoscopy മുതലായ പരിശോധകളിൽ കൂടെയുള്ള biopsy എടുക്കൽ, Endoscopy മുഖേനയുള്ള EVL.TURP മുതലായ Urological Surgery എന്നിവ ജനറൽ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ലഭ്യമാണ് . |

സെക്ഷൻ ഓഫീസർ